# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട ചോദ്യം നം.345 25.06.2013-ൽ മറുപടിയ്ക്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. എളമരം കരീം<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ | ശ്രീ. കെ. എം. മാണി<br>ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |

### കേന്ദ്ര സർക്കാർ നേരിട്ടു പിരിക്കുന്ന നികുതികൾ

| ചോദ്യം | മറുപടി |
| --- | --- |
| (എ)<br>കേന്ദ്ര സർക്കാർ നേരിട്ടു പിരിക്കുന്ന നികുതികൾ ഏതെല്ലാമാണെന്നും അവയിൽ സംസ്ഥാനങ്ങൾക്കുള്ള വിഹിതം എപ്രകാരമാണ് നിശ്ചയിച്ചു നൽകുന്നതെന്നും വ്യക്തമാക്കുമോ; | കോർപ്പറേഷൻ നികുതി, കോർപ്പറേഷൻ നികുതി ഒഴിച്ചുള്ള ആദായ നികുതികൾ, സമ്പത്ത് നികുതി, ചുങ്കം, കേന്ദ്ര എക്സൈസ് തീരുവകൾ, സേവന നികുതി, ക്രയ വസ്തുക്കളെയും സേവനങ്ങളെയും സംബന്ധിച്ച മറ്റ് നികുതികളും തീരുവകളും എന്നിവയാണ് കേന്ദ്രം നേരിട്ട് പിരിക്കുന്ന നികുതികൾ. അവയിൽ സംസ്ഥാനങ്ങൾക്കുള്ള വിഹിതം നിശ്ചയിക്കുന്നത് ധനകാര്യ കമ്മീഷൻ ശുപാർശപ്രകാരമാണ്. 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര നികുതി വരുമാനത്തിന്റെ 32 ശതമാനമാണ് സംസ്ഥാനങ്ങൾക്കായി നീക്കിവയ്ക്കപ്പെടുന്നത്. സംസ്ഥാനങ്ങൾക്കായി വിഭജിച്ച് നൽകുന്ന കേന്ദ്ര നികുതി വരുമാനത്തിന്റെ 2.341 ശതമാനമാണ് 2010-15 കാലയളവിൽ കേരള സംസ്ഥാനത്തിനുള്ള വിഹിതമായി 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ളത് ജനസംഖ്യ, വിസ്തീർണ്ണം, ധനശേഷി അന്തരം, സാമ്പത്തിക അച്ചടക്കം എന്നീ മാനദണ്ഡങ്ങളാണ് 13-ാം ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്കുള്ള വിഹിതം നിശ്ചയിക്കുന്നതിന് സ്വീകരിച്ചിട്ടുള്ളത്. |

| | |
|---|---|
| (ബി)<br>സംസ്ഥാന വിഹിതം വിതരണം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കണമെന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ; | സംസ്ഥാനങ്ങൾക്കുള്ള വിഭവവിഭജനം നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കണമെന്ന് 14-ാം ധനകാര്യ കമ്മീഷനോട് സർക്കാർ ആവശ്യപ്പെടുന്നതാണ്. 14-ാം ധനകാര്യ കമ്മീഷന് നൽകുന്ന നിവേദനത്തിൽ സംസ്ഥാനത്തിന്റെ ആവശ്യം ശക്തമായി ഉന്നയിക്കുന്നതാണ്. |
| (സി)<br>ഈ ആവശ്യത്തിന്മേൽ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്താണെന്ന് വിശദമാക്കാമോ; | കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള വിഭവവിഭജനം സംബന്ധിച്ച ശുപാർശ സമർപ്പിക്കുന്നതിന് 14-ാം ധനകാര്യ കമ്മീഷൻ രൂപീകരിച്ചുകൊണ്ട് കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 2014 ഒക്ടോബറിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. 14-ാം ധനകാര്യ കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ നിലപാട് സ്വീകരിക്കുന്നത്. 14-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ ലഭിച്ച ശേഷം മാത്രമേ കേന്ദ്രത്തിന്റെ നിലപാട് വ്യക്തമാകൂ. |
| (ഡി)<br>കേന്ദ്ര സർക്കാർ നേരിട്ട് ശേഖരിക്കുന്ന നികുതി ഇനത്തിൽ സംസ്ഥാന സർക്കാരിന് കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ലഭിച്ച വിഹിതം എത്രയാണെന്ന് വ്യക്തമാക്കുമോ? | സംസ്ഥാനങ്ങൾക്കായി വിഭജിച്ച് നൽകാവുന്ന കേന്ദ്ര നികുതിയിൽ നിന്നും 2011-12 വർഷം 5990.36 കോടി രൂപയും 2012-13 വർഷം 6840.65 കോടി രൂപയുമാണ് സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.